"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയഭരണ വകുപ്പ് - മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി (സി.എം.എൽ.ആർ.ആർ.പി) - തൃക്കൂർ ഗ്രാമപഞ്ചായത്തിലെ "Thrukkur SMS Road" എന്ന പ്രവൃത്തിയ്ക്ക് ജി.എസ്.ടി വർദ്ധനവ് മൂലം അനുവദിക്കേണ്ട തുക കൂടി ഉൾപ്പെടുത്തി -രണ്ടാം ഘട്ടമായി ഭരണാനുമതി തുക ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.148/2024/LSGD തീയതി,തിരുവനന്തപുരം, 24-10-2024

---

പരാമർശം:-

1. 09.01.2020 തീയതിയിലെ സ.ഉ.(കൈ) നം.13/2020/തസ്വഭവ.
2. 18.03.2020 തീയതിയിലെ സ.ഉ.(കൈ) നം.49/2020/തസ്വഭവ.
3. 24.12.2024 തീയതിയിലെ സ.ഉ.(കൈ) നം.200/2020/തസ്വഭവ.
4. 15.09.2022 തീയതിയിലെ നമ്പർ 79/2022/ധന സർക്കുലർ.
5. 13.10.2023 തീയതിയിലെ സ.ഉ.(കൈ) നം.182/2023/തസ്വഭവ.
6. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.01.2024, 13.03.2024 തീയതികളിലെ LSGD/PD/69550/2023-DB4 നമ്പർ കത്തുകൾ.

**ഉത്തരവ്**

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ല, തൃക്കൂർ ഗ്രാമപഞ്ചായത്തിലെ "Thrukkur SMS Road" എന്ന പ്രവൃത്തിക്ക് പരാമർശം (2) പ്രകാരം 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സൂചന (4) ലെ സർക്കുലർ പ്രകാരം പ്രകാരം 18/07/2022 ന് ശേഷം ചെയ്തിട്ടുള്ള എല്ലാ സിവിൽ വർക്കുകൾക്കും (എർത്ത് വർക്കുകൾ ഒഴികെ) GST നിലവിലെ 12 ശതമാനത്തിൽനിന്നും 18 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(2). ആയതിനാൽ, "Thrukkur SMS Road" എന്ന പ്രവൃത്തിക്ക് 18% ജി.എസ്.ടി ഉൾപ്പെടുത്തി ബിൽ തുക അനുവദിക്കുന്നതിനായി 81,07,000/- രൂപയുടെ പുതുക്കിയ ഭരണാനുമതി ആവശ്യമാണെന്നും, 18 % ജി.എസ്.ടി കണക്കാക്കി തുക അനുവദിക്കുന്നതിനായി ഭരണാനുമതി തുക അപര്യാപ്തമായതിനാൽ 12% ജി.എസ്.ടി കണക്കാക്കി കരാറുകാരന് അന്തിമ ബിൽ തുകയായ 73,53,115/- രൂപയാണ് നിലവിൽ അനുവദിച്ചിട്ടുണ്ടെന്നും ഈ ഇനത്തിൽ കരാറുകാരന് 7,53,850/- രൂപ കൂടി അനുവദിക്കാനുണ്ടെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. MIS ൽ ടി പ്രവൃത്തിയുടെ സ്റ്റാറ്റസ് ഫൈനൽ പേയ്മെന്റ് അപ്പ്രൂവ് ചെയ്ത നിലയിലായതിനാൽ ടി പ്രവർത്തിക്ക് രണ്ടാം ഘട്ടമായി 7,53,850/- രൂപയുടെ പുതിയ ഭരണാനുമതി ലഭ്യമാക്കി, അധിക പ്രവൃത്തിയായി MIS ൽ ഉൾപ്പെടുത്തി കരാറുകാരന് നൽകാനുള്ള ബാക്കി തുക

അനുവദിക്കേണ്ടതുണ്ട്.

(3). മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധരാണ പദ്ധതിക്കായി ആകെ വകയിരുത്തിയിട്ടുള്ള 1000 കോടി രൂപയിൽ നിലവിൽ ഭരണാനുമതി നല്കിയിട്ടുള്ള 980.48 കോടി രൂപയുടെ ബാക്കി തുക ഇത്തരത്തിലുള്ള ജി.എസ്.ടി ശതമാനത്തിലെ വർദ്ധനവ് കണ്ടെത്തുന്നതിനായി ഉപയോഗപ്പെടുത്താവുന്നതാണെന്നും, ആയതിനാൽ തൃക്കൂർ ഗ്രാമപഞ്ചായത്തിലെ "Thrukkur SMS Road" പ്രവൃത്തിക്ക് 7,53,850/- രൂപയുടെ പുതിയ ഭരണാനുമതി നൽകണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശിപാർശ സമർപ്പിച്ചിരുന്നു.

(4). സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സൂചന (4) ലെ സർക്കുലർ പ്രകാരം ജി.എസ്.ടി 12 ശതമാനത്തിൽ നിന്ന് 18 ശതമാനമായി ഉയർന്നതിനാൽ, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം 80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്ന തൃശൂർ ജില്ലയിലെ തൃക്കൂർ ഗ്രാമപഞ്ചായത്തിലെ *"Thrukkur SMS Road"* എന്ന പ്രവൃത്തിക്ക് കരാറുകാരന് അധികമായി അനുവദിക്കേണ്ടുന്ന തുക നൽകുന്നതിനുവേണ്ടി ഈ പ്രവൃത്തിയുടെ രണ്ടാം ഘട്ടമായി 7,53,850/- രൂപ കൂടി ഉൾപ്പെടുത്തി ഭരണാനുമതി തുക 80.00 ലക്ഷം രൂപയിൽ നിന്നും **81,07,000/- രൂപയായി** ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(5). പരാമർശം (2) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Manju L S
Date: 24-10-2024 16:59:40
സെക്ഷൻ ഓഫീസർ

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്.
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
സെക്രട്ടറി തൃക്കൂർ ഗ്രാമപഞ്ചായത്ത്
ട്രഷറി ഡയറക്ടർ
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.